(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതും സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നതുമായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ആകെ അളവെത്ര;

(ഡി) ഇത്രയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ആകെ വില യെത്രയാണ്;

(ഇ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതും ഇറക്കുമതി ചെയ്യു ന്നതുമായ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ പ്രതിശീർഷ വരുമാനം എത്രയാണ്;

(എഫ്) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതും ഇറക്കുമതി ചെയ്യു ന്നതുമായ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിനുവേണ്ടി ചെലവഴിക്കുന്ന പ്രതി ശീർഷ ചെലവെത്രയെന്നു പറയുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

43 (1006) ഐ.എം.എഫ്.എൽ. ലൈസൻസ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറിൻ ലിക്വർ കോംപൗണ്ടിംഗ്, ബ്ലണ്ടിംഗ് ആന്റ് ബോട്ടിലിംഗ് റൂൾസിലെ റൂൾ -3 അനുസരിച്ച് ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നതിന് ലൈസൻസ് ആവശ്യപ്പെടുമ്പോൾ പാലിക്കേണ്ട വ്യവ സ്ഥകൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ചട്ടം അനുസരിച്ച് എത്ര അപേക്ഷകൾ എക്സൈസ് കമ്മീഷണർക്ക് ലഭിച്ചി ട്ടുണ്ട്;

(സി) അപേക്ഷകൾ നൽകിയവരുടെ വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ;

(ഡി) ഇവരിൽ ആർക്കെല്ലാമാണ് ലൈസൻസ് നൽകുവാനുള്ള അനു വാദം നൽകിയിട്ടുള്ളത്;

(ഇ) അനുവാദം ലഭിച്ചവർ ചട്ടപ്രകാരമുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ട്രേഡിംഗ് ക്ലോത്തിൽ വരച്ച ബിൽഡിംഗ് പ്ലാന്റിന്റെ മൂന്നു പകർപ്പുകളും, സ്ഥിര സാമഗ്രികളുടെ എണ്ണം, വലിപ്പം, അതിനെ സംബന്ധിച്ച മറ്റു വിവരങ്ങൾ, കോംപൗണ്ടിംഗ് ബ്ലണ്ടിംഗ് ആവശ്യത്തിലേക്കായി സൂക്ഷി ക്കാവുന്ന സ്പിരിറ്റിന്റെ പരമാവധി അളവിനെ സംബന്ധിക്കുന്ന വിവരങ്ങൾ, ഏണസ്റ്റ് മണി ഡെപ്പോസിറ്റായി നൂറു രൂപയുടെ ട്രഷറി രസീത് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം എന്നതാണ് വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 150 അപേക്ഷകൾ

(സി) അപേക്ഷകളുടെ വിശദാംശം പരിശോധിച്ചുവരുന്നു.

(ഡി) 1. കെ.എസ്. ഡിസ്റ്റിലറീസ്, കണ്ണൂർ
2. അമൃത് ഡിസ്റ്റിലറീസ്, പാലക്കാട്
3. എം.പി. ഡിസ്റ്റിലറീസ്, പാലക്കാട്
4. എലൈറ്റ് ഡിസ്റ്റിലറീസ്, തൃശ്ശൂർ

(ഇ) ഉണ്ട്.

44 (1007) പുതിയ ബാർ ലൈസൻസുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ ബാറുകൾക്ക് ലൈസൻസ് നൽകേണ്ടതില്ലെന്ന തീരുമാനം എടുത്തത് എന്നാണ്;

(ബി) ഇതിനുശേഷം കേരളത്തിൽ എവിടെയെങ്കിലും പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ എല്ലാം എന്നും ആർക്കെല്ലാമെന്നും അറിയിക്കുമോ;

(സി) എക്സ്-ബി 6211/80/96/ഡി.എസ്. എന്ന ഉത്തരവ് അനുസരിച്ച് ആർക്കാണ് പുതിയ ബാർ ലൈസൻസ് നൽകിയത്; എവിടെയാണ് ഇപ്പോൾ അത് പ്രവർത്തിക്കുന്നത്;

(ഡി) അനുവാദം നൽകിയതിനുശേഷം ഇതു സംബന്ധമായി സർക്കാരും കോടതിയും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) കാലഹരണപ്പെട്ട ഏതെങ്കിലും ബാർ ലൈസൻസുകൾ പേരു മാറ്റി പുതിയതായി നൽകിയിട്ടുണ്ടോ; എങ്കിൽ ഇവ ഏതെല്ലാമാണ്;

(എഫ്) ആദ്യം ഉണ്ടായിരുന്ന ബാറിന്റെ പേരും ലൈസൻസിയുടെ പേരും പുതുക്കി നൽകിയ ഇപ്പോഴത്തെ ബാറിന്റെ പേരും ലൈസൻസിയുടെ പേരും വെളിപ്പെടുത്തുമോ;

(ജി) പഴയ ബാർ ലൈസൻസുകൾ പുതുക്കി നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുതിയ ബാറുകൾക്ക് ലൈസൻസ് നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഈ ഉത്തരവുപ്രകാരം പുതിയ ബാർലൈസൻസ് നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കി നൽകിയിട്ടുണ്ട്. അവ

LIBRARY ARCHIVES Kerala Legislative Assembly